Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബിയിൽപ്പെടുത്തി നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കുള്ള 193.16 കോടി രൂപയുടെ പ്രാഥമിക കൺസപ്റ്റ് നോട്ട് കിറ്റ്കോ സർക്കാരിന് സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി ഇതിന്മേലുള്ള സൂക്ഷ്മപരിശോധന പൂർത്തിയാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇതിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ മേൽപരിശോധന നടന്നുവരികയാണ്.

(ഇ) കാസർഗോഡ് വികസന പാക്കേജിൽനിന്നും ഹോസ്റ്റൽ/ക്വാർട്ടേഴ്സ് കെട്ടിടത്തിനായി ഭരണാനുമതി ലഭിച്ച 29 കോടി രൂപയുടെ പ്രവൃത്തിക്ക് ആരോഗ്യവകുപ്പിൽനിന്ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

29.01 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ ഗേൾസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതിയുടെ പരിഗണനയിലാണ്.

(എഫ്) പ്രസ്തുത മെഡിക്കൽ കോളേജിനായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ നിയമനം പൂർത്തിയായത് എത്രയാണെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ നാളിതുവരെ 273 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 50% നിയമനം നടത്താനാണ് അനുമതിയുള്ളത്. നിലവിൽ 88 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

വയനാട് മെഡിക്കൽ കോളേജ്

195 (207) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവന്ന മാനന്തവാടി ജില്ലാ ആശുപത്രി 12-02-2021-ലെ സ.ഉ.(കൈ)നമ്പർ 35/2021/ ആ.കു.വ. പ്രകാരം ഏറ്റെടുക്കുകയും വയനാട് മെഡിക്കൽ കോളേജായി മാറ്റുകയും ടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ 100 MBBS സീറ്റിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതിന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന 3 നില കെട്ടിടം സി.എഫ്.എൽ.ടി.സി. ആയി ജില്ലാ ഭരണകൂടം ഏറ്റെടുത്തിരിക്കുന്നതിനാൽ നിലവിൽ വയനാട് മെഡിക്കൽ കോളേജ് ഓഫീസ് പ്രവർത്തിക്കുന്നത് വയനാട് പി.ഡബ്ല്യു.ഡി. ഇൻസ്പെക്ഷൻ ബംഗ്ലാവിലാണ്. വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് 300 കോടി രൂപ കിഫ്ബി വഴി അനുവദിക്കുമെന്ന് 2021-22 ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. കൂടാതെ ടി മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് 7-3-2020-ലെ സ.ഉ. (സാധാ)നമ്പർ 531/2020/ആ.കു.വ. പ്രകാരം M/s. WAPCOS-നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തീരുമാനിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലെ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടന്നതെന്ന് അറിയിക്കുമോ?

വയനാട് മെഡിക്കൽ കോളേജിൽ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർ, ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് ക്ലാർക്ക് എന്നീ തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാളിന്റെ ചുമതല താൽക്കാലികമായി കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

196 (208) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പാക്കിയതെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, നെഞ്ചുരോഗാശുപത്രി, ഐ.എം.സി.എച്ച്. തുടങ്ങിയ സ്ഥാപനങ്ങളിൽ ഒ.പി.-കൾ നവീകരിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുവരെ 4.2936 കോടി രൂപ ഈ പദ്ധതിയിൽ ചെലവഴിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.